# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 23-07-2012

## ടി.ഇ.ടി - അധ്യാപക യോഗ്യത ഉയർത്തിയ തീരുമാനം പിൻവലിക്കണം

**കെ.എസ്.ടി.എ**

കേരളാ ടി.ഇ.ടി യ്ക്ക് (അധ്യാപക യോഗ്യത പരീക്ഷ) നിലവിലുള്ള യോഗ്യതയിൽ മാറ്റം വരുത്തിയ തീരുമാനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.ടി.എ വിദ്യാഭ്യാസ മന്ത്രിക്ക് നിവേദനം നൽകി. കേരളാ വിദ്യാഭ്യാസ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള യോഗ്യതയിൽ മാറ്റം വരുത്താതെ ടി.ഇ.ടി ക്കുമാത്രമായി മാറ്റം വരുത്തിയത് നിയമാനുസൃതമായി നിലനിൽക്കില്ല. വേവിധത്തിൽ ആലോചിക്കാതെയുള്ള ഇത്തരം തീരുമാനങ്ങൾ ഉദ്യോഗാർത്ഥികളിൽ വലിയ ആശങ്കയുാക്കിയിരിക്കുകയാണ്. 9, 10 ക്ലാസുകളിലെ അധ്യാപക യോഗ്യത വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല. ഡിഗ്രിയും ബി.എഡും നേടുന്നവർക്ക് ഹൈസ്കൂൾ ക്ലാസുകളിൽ പഠിപ്പിക്കാൻ യോഗ്യതയില്ലെന്നാണ് എസ്.സി.ഇ.ആർ.ടി ഡയറക്ടർ നിർദ്ദേശിച്ചത്. സ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ചും കെ.ഇ.ആറിനെക്കുറിച്ചും ധാരണയില്ലാത്തവരെ ഇത്തരം സ്ഥാനങ്ങളിലിരുത്തിയാൽ ഉാകുന്ന അപകടമാണ് യോഗ്യതാ നിർണ്ണയത്തിലൂടെ വെളിവായിരിക്കുന്നത്. ബിരുദ യോഗ്യതയില്ലാത്തവർക്ക് യു.പി.എസിൽ നിയമനം നിഷേധിച്ചിരിക്കുകയാണ്. ഭാഷാപഠനത്തിൽ ഡിപ്ലോമ മാത്രമുള്ളവരെ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരാകാൻ നിർദ്ദേശിക്കുന്ന സർക്കാർതന്നെ ഇവർക്ക് യു.പി.എസിൽ പോലും പഠിപ്പിക്കാൻ യോഗ്യതയില്ലെന്നാണ് ടി.ഇ.ടി യുടെ വിജ്ഞാപനത്തിലൂടെ പ്രഖ്യാപിച്ചിരിക്കുന്നത്. യു.പി സ്കൂളിൽ ഭാഷാധ്യാപകർക്ക് നിലവിലുള്ള യോഗ്യത നിലനിർത്തുകയും ഹൈസ്കൂളിൽ ബിരുദ്ധമുള്ളവർക്ക് കെ.ഇ.ആർ ലെ വ്യവസ്ഥയനുസരിച്ച് യോഗ്യതാ പരീക്ഷ എഴുതാനുമുള്ള തീരുമാനമെടുക്കണമെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ ആവശ്യപ്പെട്ടു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി